<u>**15 -ാം കേരള നിയമസഭ**</u>

<u>**7 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2894**</u> <u>**13-12-2022 - ൽ മറുപടിയ്ക്ക്**</u>

<u>**കോ-ഓപ് മാർട്ടുകൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തിന്റെ വിപണി ഇടപെടൽ ശേഷി വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തിക്കൊണ്ട് ഏകീകൃത ബ്രാൻഡിംഗ് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സഹകരണ സംഘങ്ങൾ ഉല്പാദിപ്പിച്ചു കൊണ്ടിരിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുന്നതനായി സഹകരണ വകുപ്പ്, "ബ്രാന്റിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ സഹകരണ ഉല്പന്നങ്ങളെ ഒരൊറ്റ ബ്രാൻഡിനു കീഴിലാക്കി **coopkerala** എന്ന ഒരു പൊതു ട്രേഡ് മാർക്കോടെയാണ് വിപണിയിലെത്തിക്കുന്നത്. |
| (ബി) | ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ന്യായ വിലയ്ക്ക് നൽകുന്നതിനും അന്തർദേശീയ വിപണി ലഭ്യമാക്കിക്കൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഏകീകൃത ബ്രാൻഡിംഗ് ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ; സംസ്ഥാനത്ത്; | (ബി) | സഹകരണ സംഘങ്ങൾ ഉല്പാദിപ്പിച്ചു കൊണ്ടിരിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുക്കുന്നതനായി സഹകരണ വകുപ്പ്, "ബ്രാന്റിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ സഹകരണ ഉല്പന്നങ്ങളെ ഒരൊറ്റ ബ്രാൻഡിനു കീഴിലാക്കി **coopkerala** എന്ന ഒരു പൊതു ട്രേഡ് മാർക്കോടെയാണ് വിപണിയിലെത്തിക്കുന്നത്. |
| (സി) | നിലവിൽ കോ-ഓപ് മാർട്ടുകൾ എവിടെയൊക്കെ സ്ഥാപിച്ചിട്ടുണ്ടെന്നും അവയുടെ പ്രവർത്തനം വിലയിരുത്തി കൂടുതൽ വിപണനകേന്ദ്രങ്ങൾ തുടങ്ങുന്നതിനും ഉദ്ദേശ്യമുണ്ടോ എന്നും അറിയിക്കാമോ; | (സി) | ആദ്യ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ ചുവടെ പറയുന്ന 14 സഹകരണ സംഘങ്ങൾ coopmart കൾ ആരംഭിച്ചു. |

| **ക്രമ നം** | **ജില്ല** | **coopmart നടത്തുന്ന സംഘങ്ങൾ** |
|---|---|---|
| *1* | *തിരുവനന്തപുരം* | കടകംപള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| *2* | *കൊല്ലം* | കരുനാഗപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1343, |
| *3* | *പത്തനംതിട്ട* | പറക്കോട് സർവ്വീസ് |

| | | |
|---|---|---|
| | | സഹകരണ ബാങ്ക് ക്ലിപ്തം |
| *4* | ആലപ്പുഴ | കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1558 |
| *5* | *കോട്ടയം* | കുമാരനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3898, |
| *6* | *ഇടുക്കി* | തങ്കമണി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ. 281 |
| *7* | *എറണാകുളം* | ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| *8* | *തൃശൂർ* | കല്ലുംകുന്നു സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| *9* | *പാലക്കാട്* | കണ്ണമ്പ്ര സർവ്വീസ് സഹകരണ ബാങ്ക് F 1221, |
| *10* | *മലപ്പുറം* | കോഡൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ F.1523 |
| *11* | *കോഴിക്കോട്* | ചേവായൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം |
| *12* | *വയനാട്* | വയനാട് ജില്ലാ ഡ്രൈവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ W 14 |
| *13* | *കണ്ണൂർ* | കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർF 1262 |
| *14* | *കാസർഗോഡ്* | കാസർഗോഡ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ സി.862 |

മേൽ കോപ്മാർട്ടുകളുടെ പ്രവർത്തനം വിലയിരുത്തി കൂടുതൽ വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയതായി 14 കോപ്മാർട്ടുകൾ ആരംഭിക്കുന്നതിനായുള്ള സംഘങ്ങളുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ പദ്ധതിയുടെ വിജയത്തിനായി കാര്യക്ഷമതയും സ്ഥല സൗകര്യവും താല്പ്പര്യമുള്ളതുമായ സഹകരണ സംഘങ്ങളിൽ കൂടുതൽ സഹകരണ ഉൽപ്പന്ന വിപണന കൗണ്ടർ ആരംഭിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഉപഭോക്തൃ ഉല്പന്ന വില നിയന്ത്രണത്തിന് സഹകരണ പ്രസ്ഥാനം നടത്തുന്ന ഇടപെടൽ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ഡി) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനു വേണ്ടികൺസ്യൂമർ ഫെഡിന്റെ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും, നിത്യോപയോഗ സാധനങ്ങൾ വിപണിയേക്കാൾ വിലക്കുറവിൽ വിതരണം ചെയ്യുന്നുണ്ട്. ഉത്സവകാലങ്ങളിൽ കൺസ്യൂമർ |

| | | | |
|---|---|---|---|
| | | | ഫെഡിന്റെ ത്രിവേണി സൂപ്പർമാർക്കറ്റുകളിലൂടെയും സഹകരണ സംഘങ്ങളെ കൂട്ടി യോജിപ്പിച്ചുകൊണ്ടും സർക്കാർ ധനസഹായത്തോടു കൂടി സബ്സിഡി വിപണികൾ നടത്താറുണ്ട്.<br><br>അതുപോലെ കൺസ്യൂമർഫെഡ് സ്വന്തമായും പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും നടത്തി വരുന്ന നീതിമെഡിക്കൽ സ്റ്റോറുകൾ ആദായകരമായ നിരക്കിൽ മരുന്ന് വിതരണം നടത്തുന്നുണ്ട്. കൂടാതെ കൺസ്യൂമർഫെഡ് സ്വന്തമായി ഉത്പാദിപ്പിക്കുന്ന ത്രിവേണി നോട്ട് ബുക്കുകളും ആഫീസ് സ്റ്റേഷനറികളും മറ്റും കുറഞ്ഞ വിലയ്ക്ക് വിൽപനനടത്തുന്നുമുണ്ട്. സ്കൂൾ സീസണിൽ പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റുകൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ